Draft #13 of File 19436/EI38 S.O./2019/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 10-Jun-2020 03:28 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിൽ വച്ച് 08/11/2019 - ൽ നടത്തിയ സ്വയംഭരണ കോളേജ് പ്രിൻസിപ്പൽമാരുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളെ ചോദ്യം ചെയ്തുകൊണ്ട് എയ്ഡഡ് സ്വയംഭരണ കോളേജുകളുടെ സംഘടനയായ 'കൺസോർഷ്യം ഓഫ് ഓട്ടോണമസ് കോളേജസ് ഓഫ് കേരള' സമർപ്പിച്ചിരിക്കുന്ന പരാതി സംബന്ധിച്ച് - സിൻ ഡിക്കേറ്റ് ഉപസമതി അഫിലിയേഷൻ യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2466/AC B 7/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 10.06.2020

*പരാമർശം:*-1) 20/02/2020-ലെ കൺസോർഷ്യം ഓഫ് ഓട്ടോണോമസ് കോളേജസ് സെക്രട്ടറിയുടെ കത്ത്.
2) 29/05/2020 -ലെ സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി യോഗത്തിന്റെ ഇനം നം 19436/EI38 SO/2019.

**ഉത്തരവ്**

എയ്ഡഡ് സ്വയംഭരണ കോളേജുകളുടെ സംഘടനയായ 'കൺസോർഷ്യം ഓഫ് ഓട്ടോണമസ് കോളേജസ്' 08/11/2019-ൽ സർവകലാശാല വിളിച്ച പ്രിൻസിപ്പൽമാരുടെ യോഗത്തെപ്പറ്റിയും യോഗ തീരുമാനങ്ങളെപ്പറ്റിയും പരാമർശം-1 മുഖേന പരാതികൾ ഉന്നയിക്കുകയും പ്രസ്തുത തീരുമാനങ്ങൾ അംഗീകരിക്കുന്നില്ലെന്ന് അറിയിക്കുകയും ചെയ്തിരുന്നു. കൺസോർഷ്യം ഓഫ് ഓട്ടോണമസ് കോളേജസ് സമർപ്പിച്ച പരാതിയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

08/11/2019-ൽ സർവ്വകലാശാലയിൽ വച്ച് ബഹു.വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്ത സ്വയംഭരണ കോളേജ് പ്രിൻസിപ്പൽമാരുടെ യോഗത്തിൽ രണ്ട് കോളേജുകളിലെ പ്രിൻസിപ്പൽമാർ ഒഴികെ മറ്റ് 8 സ്വയംഭരണ കോളേജുകളിലെ പ്രിൻസിപ്പൽമാർ യോഗത്തിൽ ഹാജരായി ചർച്ചകളിൽ സജീവമായി പങ്കെടുത്തിരുന്നു. രണ്ട് പ്രിൻസിപ്പൽമാർ അവരുടെ വ്യക്തിപരമായ അസൗകര്യങ്ങൾ മൂലം പങ്കെടുക്കാൻ കഴിയില്ല എന്ന് അറിയിക്കുകയും പകരമായി അവർ ചുമതലപ്പെടുത്തിയ മാനേജർ/വൈസ് പ്രിൻസിപ്പൽ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.പ്രസ്തുത യോഗത്തിനെ കുറിച്ച് കോളേജുകൾക്ക് രേഖാമൂലം നൽകിയ അറിയിപ്പിൽ ടി യോഗത്തിൽ ചർച്ച ചെയ്യുന്ന വിഷയം വ്യക്തമായി രേഖപ്പെടുത്തിയിരുന്നു.അപ്രകാരം അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ അക്കാദമിക വിഷയങ്ങളും ,പരീക്ഷാ സംബന്ധമായ വിഷയങ്ങളും ചർച്ച ചെയ്തത് . പ്രസ്തുത യോഗത്തിന്റെ തുടക്കത്തിലും യോഗത്തിൽ ചർച്ച ചെയ്യുവാനുള്ള അക്കാദമിക , പരീക്ഷാ സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് വിവരണം നൽകിയിരുന്നു. ടി വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയും കൈക്കൊണ്ട തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് യോഗനടപടികൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 2014 (മൂന്നാം ഭേദഗതി)-ൽ സ്വയംഭരണ കൊളേജുകൾക്ക് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും, പ്രവേശനം നടത്തുന്നതിനും, സിലബസ് നിർണയിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. എന്നാൽ അക്കാദമിക റഗുലേഷൻസ് സർവ്വകലാശാല മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കണം എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ സർവ്വകലാശാല വിവിധ പ്രോഗ്രാമുകൾക്ക് അതാത് സമയങ്ങളിൽ സ്വീകരിക്കുന്ന അക്കാദമിക റഗുലേഷൻസ് സ്വയംഭരണ കോളേജുകളും ബന്ധപ്പെട്ട പ്രോഗ്രാമുകൾക്ക് നടപ്പിലാക്കേണ്ടതാണ്. ഇതിനാൽ തന്നെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക വിഷയങ്ങൾ ചർച്ച ചെയ്യുവാൻ സർവ്വകലാശാലയ്ക്ക് അധികാരമുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്വയംഭരണ കോളേജുകൾക്കായുള്ള യു.ജി.സി റെഗുലേഷൻ 2018 സംസ്ഥാന സർക്കാർ അംഗീകരിച്ച് സർവ്വകലാശാലയിൽ നടപ്പിൽ വരുത്തിയിട്ടുള്ളതല്ല. യു.ജി.സി അതാത് സമയം പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾക്ക്, ടി റെഗുലേഷൻ സംസ്ഥാന സർക്കാർ അംഗീകരിച്ചതിനുശേഷമാണ് നടപ്പാക്കേണ്ടതായിട്ടുള്ളത്. കേന്ദ്ര ഗവർമെന്റിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര സർവ്വകലാശാലകൾക്കും അവയുടെ പരിധിയിൽ വരുന്ന കോളേജുകൾക്കും അതുപോലെ കല്പിത സർവ്വകലാശാലകൾക്കും UGC റഗുലേഷനുകൾ നിർബന്ധിതമാണെന്നും (mandatory) എന്നാൽ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളെയും, അവയുടെ പരിധിയിൽ വരുന്ന കോളേജുകളെയും, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംബന്ധിച്ചിടത്തോളം ഈ റഗുലേഷനുകൾ നിർദേശകങ്ങളാണെന്നും (ഡയറക്ടറി), ബന്ധപ്പെട്ട സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന മുറയ്ക്കേ അവ നടപ്പിലാക്കപ്പെടുകയുള്ളുവെന്നും മധുരൈ സർവകലാശാലയുടെ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് Kalyani Mathivanan vs KV Jeyaraj [ (2015) 6 SCC 363] കേസിൽ സുപ്രീം കോടതി വിധിയിൽ വ്യക്തമാക്കിയിരിക്കുന്നു.

8 / 11 / 2020 ൽ ഉച്ചയ്ക്ക് ശേഷം ഓരോ സ്വയംഭരണ കോളേജുമായി ബന്ധപ്പെട്ടുള്ള പ്രത്യേക വിഷയങ്ങൾ സംബന്ധിച്ചാണ് സിൻഡിക്കേറ്റ് ഉപസമിതി ബന്ധപ്പെട്ട പ്രിൻസിപ്പൽമാരെ ഹിയറിങ്ങിനു വിളിച്ചത്.പ്രിൻസിപ്പൽമാർ രണ്ടുദിവസം സർവകലാശാലയിൽ എത്തേണ്ട സാഹചര്യം ഒഴിവാക്കുന്നതിനാണ് ഒരേ ദിവസം രാവിലെയും ഉച്ചകഴിഞ്ഞുമായി രണ്ടു യോഗങ്ങളും നിശ്ചയിച്ചത് .ഇത് സംബന്ധിച്ച അറിയിപ്പാണ് രണ്ടു കത്തുകളായി നൽകിയത്.

സർവകലാശാലയുടെ ഇടപാടുകൾ ഓരോ സ്വയംഭരണകോളേജുകളുമായി നേരിട്ടുള്ളതാണെന്നതും 'കൺസോർഷ്യം ഓഫ് ഓട്ടോണമസ് കോളേജസ്' എന്ന സംഘടനയുമായി സർവകലാശാലയ്ക്ക് ബന്ധമില്ലാത്തതാണെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കൺസോർഷ്യം ഓഫ് ഓട്ടോണമസ് കോളേജസിന്റെ പരാതി നിരസിക്കാവുന്നതാണ് എന്ന് പരാമർശം-2 പ്രകാരം സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി യോഗം ശിപാർശ ചെയ്തു. ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) സെക്രട്ടറി, കൺസോർഷ്യം ഓഫ് ഓട്ടോണോമസ് കോളേജാസ്, സെന്റ് തെരേസാസ് കോളേജ്, എറണാകുളം
4) മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7) അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8) ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
9) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ ഇ.ഐ.39 സെക്ഷൻ
10) സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #13 of File 19436/EI38 S.O./2019/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 10-Jun-2020 03:28 PM - Page 2